# പതിനാലാം കേരള നിയമസഭ
## 11-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T1982** **11.06.2018-ൽ മറുപടിയ്ക്ക്**

## ലോക പരിസ്ഥിതി ദിനാചരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ഡി.സതീശൻ** | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) 2018- ലെ ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (എ) പരിസ്ഥിതി ദിന പ്രമേയമായ പ്ലാസ്റ്റിക് മാലിന്യത്തെ ഒഴിവാക്കുക എന്നത് നടപ്പാക്കുന്നതിന് പാരിസ്ഥിതികം പദ്ധതി നടപ്പാക്കി. 2018 ലെ ലോകപരിസ്ഥിതി ദിനാചരണം ജൂൺ 5,6,7 എന്നീ ദിവസങ്ങളിലായി നടത്തി. 'Beat Plastic Pollution' എന്ന വിഷയത്തിന്മേൽ വിവധതരം സെമിനാറുകളും, ബോധവത്ക്കരണ പരിപാടികളും മൂന്ന് ദിവസങ്ങളിലായി സംഘടിപ്പിച്ചിട്ടുണ്ട്. മികച്ച മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള വ്യവസായ - വ്യവസായേതര സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കാനായി പരിസ്ഥിതി സംരക്ഷ അവാർഡുകൾ നൽകുകയുണ്ടായി. ഈ സ്ഥാപനങ്ങളുടെ മാലിന്യസംസ്കരണ സംവിധാനങ്ങളെപ്പറ്റിയുള്ള അവതരണങ്ങളും ചർച്ചകളും നടത്തുകയുണ്ടായി. കുട്ടികളിൽ പരിസ്ഥിതി അവബോധം വളർത്താൻ ഹരിത വിദ്യാലയ പുരസ്കാരം ഏർപ്പെടുത്തി, ഏറ്റവും നന്നായി മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയ സ്കൂളുകൾക്ക് ഇതോടനുബന്ധമായി അവാർഡുകൾ നൽകി. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഗാർഹിക മാലിന്യ സംസ്കരണം, ഓർഗാനിക് ഫാമിംഗ് |

| | | | |
|---|---|---|---|
| | | | തുടങ്ങിയവ ഫലപ്രദമായി നടപ്പിലാക്കിയ സർക്കാർ ഉദ്യോഗസ്ഥർക്കുള്ള അവാർഡ് വിതരണം നടത്തി. തിരുവനന്തപുരം ജില്ലയിലെ വള്ളക്കടവിൽ അന്തർദേശീയ നിലവാരത്തിൽ ഒരു ബയോ ഡൈവേഴ്സിറ്റി മ്യൂസിയം പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ഉത്ഘാടനം ചെയ്തു. |
| (ബി) | 2017 ലെ ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നട്ടു പിടിപ്പിച്ച ഒരു കോടി വൃക്ഷത്തൈകളുടെ നിലവിലെ സ്ഥിതി പരിശോധിച്ചിട്ടുണ്ടോ; അവയിൽ എത്ര ശതമാനം തൈകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ; | (ബി) | 2017 - ലെ ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സർക്കാർ വിതരണം ചെയ്ത തൈകൾക്ക് പുറമെ വിവിധ മാധ്യമങ്ങളും സന്നദ്ധ സംഘടനകളും അതേ ദിവസത്തിലും അതേ സന്ദേശത്തോടെയും വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. പരിസ്ഥിതി ദിനത്തിൽ നട്ട വൃക്ഷത്തൈകളിൽ എത്ര ശതമാനം തൈകൾ നിലവിലുണ്ടെന്ന് കണ്ടെത്തുന്നത് പ്രായോഗികമല്ല. |
| (സി) | കഴിഞ്ഞ വർഷത്തെ പരിസ്ഥിതിദിനാചരണത്തോട് അനുബന്ധിച്ച് എത്രലക്ഷം രൂപയുടെ പരസ്യമാണ് വിവിധ പത്ര / ദൃശ്യ മാധ്യമങ്ങൾ വഴി നൽകിയത്; | (സി) | 2017 ലെ പരിസ്ഥിതി ദിനാചരണത്തോട് അനുബന്ധിച്ച് കേരള കൗമുദി, ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ്, ദി ഹിന്ദു, ദേശാഭിമാനി എന്നീ പത്ര മാധ്യമങ്ങളിൽ 9,76,384/-(ഒൻപത് ലക്ഷത്തി എഴുപത്തി ആറായിരത്തി മുന്നൂറ്റി എൺപത്തി നാല് രൂപ) യുടെ പരസ്യമാണ് നൽകിയത്. |
| (ഡി) | ഈ വർഷവും പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് പരസ്യം നൽകുന്നുണ്ടോ ; എങ്കിൽ അതിനായി നീക്കി വച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | പരസ്യം നൽകുന്നുണ്ട്. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഈ വർഷം 15 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ